കശുവണ്ടിവ്യവസായം.

*355 MR. K. K. CHELLAPPAN PILLAI : താഴെ പറയുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പ് മന്ത്രി സദയം മറുപടി പറയുമോ ?

(എ) കശുവണ്ടിയും കയറും സംബന്ധിച്ചുള്ള വ്യവസായങ്ങളിൽ വന്നിട്ടുള്ള മാന്ദ്യവും തന്മൂലം നാട്ടിൽ വന്നുചേർന്നിട്ടുള്ള സാമ്പത്തിക വൈഷമ്യങ്ങളെപ്പറ്റി ഗവണ്മെന്റിനു ബോധ്യം വന്നിട്ടുണ്ടോ ?

(ബി) ഉണ്ടെങ്കിൽ അതു പരിഹരിക്കുന്നതിനു ഗവണ്മെന്റ് എന്തെല്ലാം ചെയ്തിട്ടുണ്ട് ?

HON'BLE MR. T. K. NARAYANA PILLAI : (എ) ഉണ്ട്.

(ബി) ഈ സാധനങ്ങൾക്ക് ഇന്ത്യയിലും ഇന്ത്യക്കു പുറമെയും ചെലവു വർദ്ധിപ്പിക്കുന്നതിനും അങ്ങനെ നാട്ടിലുണ്ടായിരിക്കുന്ന സാമ്പത്തിക നിലയെ ഉയർത്തുന്നതിനും വേണ്ടി ഗവണ്മെന്റ് തങ്ങളുടെ സകല കഴിവുകളും പ്രയോജനപ്പെടുത്തി വരുന്നു.

MR. K. K. CHELLAPPAN PILLAI : അതിന്റെ ഫലം എന്തായി.

HON'BLE MR. T. K. NARAYANA PILLAI : അതിന് ഫലം ഒന്നും സിദ്ധിച്ചിട്ടില്ല. നിവേദനം സമർപ്പിച്ച അധികാരികളുടെ ശ്രദ്ധയ്ക്ക് വിഷയീഭവിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

എഫ്. ഐ. ആർ. കമ്പനി.

*356 MR. KALATHIL VELAYUDHAN NAIR (*Changanacherry, II—General*): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) എഫ്. ഐ. ആർ. കമ്പനിക്കു വിട്ടുകൊടുത്തിട്ടുള്ള വനപ്രദേശത്തു തടിവെട്ടി എടുത്ത സ്ഥലങ്ങളിൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കണമെന്നു വ്യവസ്ഥ ചെയ്തിട്ടുണ്ടോ ?

(ബി) ഉണ്ടെങ്കിൽ അതനുസരിച്ചു കഴിഞ്ഞ വർഷവും അതിനു മുൻപിലത്തെ വർഷവും വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI : (എ) തടി വെട്ടി എടുത്ത പ്രദേശത്തിന്റെ അഞ്ചിലൊന്നു ഭാഗം അതിനടുത്ത വർഷം വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനു വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) കഴിഞ്ഞ വർഷം വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കേണ്ടതായിരുന്നു എങ്കിലും ഈ ജോലിക്കു വേണ്ട ആളുകളെ കിട്ടാതിരുന്നതിനാൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചിട്ടില്ല. ഈ വർഷം വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിലേക്ക് വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

MR. KALATHIL VELAYUDHAN NAIR : ഇതിന്റെ ചുമതല ആർക്കാണ്.

HON'BLE MR. T. K. NARAYANA PILLAI അതു് ഗവണ്മെന്റിനു തന്നെ. അങ്ങിനെ അല്ലെങ്കിൽ നടപടി എടുക്കുകയില്ലായിരുന്നു.

MR. KALATHIL VELAYUDHAN NAIR : അങ്ങിനെ എഗ്രിമെന്റനുസരിച്ചു ചെയ്യാതിരുന്നാൽ അവരുടെ കരാറു് ക്യാൻസൽ ചെയ്യുന്നതിനു വ്യവസ്ഥയില്ലേ ?

HON'BLE MR. T. K. NARAYANA PILLAI : ഇല്ല.

MR. KALATHIL VELAYUDHAN NAIR : അപ്പോൾ ഇതിന്റെ നഷ്ടം ആരു സഹിക്കണം?

HON'BLE MR. T. K. NARAYANA PILLAI : അതു് നിയമപരമായ ഒരു ചോദ്യമാണു്.

MR. PAUL THALIATH (*Parur III—General*) : കഴിഞ്ഞ കൊല്ലം വേലക്കാരെ കിട്ടാത്തതുകൊണ്ടാണു് വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കാത്തതെന്നു പറഞ്ഞു. എന്നാൽ വേലക്കാരെ പിരിച്ചുവിട്ടിരിക്കുന്നതായി അറിയാമോ ?

HON'BLE MR. T. K. NARAYANA PILLAI : വേലക്കാരെ പിരിച്ചു വിട്ടിരിക്കുന്നതു് ഇക്കൊല്ലത്തിലാണു്. കഴിഞ്ഞ കൊല്ലത്തിലല്ല.

MR. K. P. NILAKANTA PILLAI : വേലക്കാരെ കിട്ടാത്തതുകൊണ്ടു് വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചിട്ടില്ല എന്നു പറഞ്ഞാൽ അതു് തക്കതായ മറുപടി ആണോ ?

HON'BLE MR. T. K. NARAYANA PILLAI : അല്ലാത്തതുകൊണ്ടാണു ഇക്കൊല്ലം വേണ്ട നിർദ്ദേശങ്ങൾ കൊടുത്തിട്ടുള്ളതു്.

ലാക്കപ്പുകൾ.

*357. MR. K. RAMAKRISHNA PILLAI: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട പോലിസുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ ?

(എ) തിരുവിതാംകൂറിൽ ആകെ എത്ര ലാക്കപ്പുകൾ ഉണ്ടു ?

(ബി) അവയിൽ മലമൂത്രവിസർജ്ജനത്തിനു സൗകര്യമുള്ള ലാക്കപ്പുകൾ എത്ര ?

HON'BLE MR. T. K. NARAYANA PILLAI : (എ) നൂറു.

(ബി) നൂറു ലാക്കപ്പുകളിൽ 8 എണ്ണത്തിൽ മാത്രമേ ജയിൽ പുള്ളികളെ സൂക്ഷിക്കുന്നുള്ളൂ. അവയിൽ ഏഴു എണ്ണത്തിൽ മലമൂത്രവിസർജ്ജനത്തിനുള്ള ഉപകരണങ്ങൾ സജ്ജീകരിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly